# പതിനാലാം കേരളനിയമസഭ

## പതിനാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1966 | 06.02.2019-ൽ മറുപടിക്ക് |
|---|---|

### പോലീസ് സ്റ്റേഷനുകളിൽ പിടിച്ചിടുന്ന വാഹനങ്ങൾ

| ചോദ്യം<br>ശ്രീ. മാത്യു റ്റി. തോമസ് | | മറുപടി<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി | |
|---|---|---|---|
| (എ) | വിവിധ പോലീസ് സ്റ്റേഷനുകളിൽ പല കേസ്സുകളിലായി പിടിച്ചിടേണ്ടി വരുന്ന വാഹനങ്ങളുടെ എണ്ണം ഓരോ വർഷവും വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പോലീസ് സ്റ്റേഷനുകളിൽ പല കേസുകളായി പിടിച്ചിടേണ്ടിവരുന്ന വാഹനങ്ങളുടെ എണ്ണത്തിൽ ഏറ്റക്കുറച്ചിലുകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത വാഹനങ്ങൾ നീക്കം ചെയ്യുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ; | (ബി) | സംസ്ഥാനത്ത് പോലീസ് പിടിച്ചെടുക്കുകയും കണ്ടുകെട്ടുകയും ചെയ്യുന്ന വാഹനങ്ങളും മറ്റു സാമഗ്രികളും പൊതുവീഥികളിലും ഓഫീസ് പരിസരങ്ങളിലും മറ്റും കൂട്ടിയിട്ടിരിക്കുന്നത് ഉപയോഗപ്രദമായ രീതിയിൽ ഡിസ്പോസ് ചെയ്യുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 11.09.2018 തീയതിയിലെ സ.ഉ(പി)നം.60/2018/ആഭ്യന്തരം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് അനുസരിച്ച് ജില്ലാ പോലീസ് മേധാവികൾ നടപടി സ്വീകരിച്ചു വരുന്നതുമാണ്. |
| (സി) | ഇതുമായി ബന്ധപ്പെട്ട് കേരള പോലീസ് ആക്ടിൽ ഭേദഗതി വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് അറിയിക്കാമോ? | (സി) | കേരള പോലീസ് ആക്ടിൽ ഭേദഗതി വരുത്തുന്നതിനായി സംസ്ഥാന പോലീസ് മേധാവി നൽകിയ ശിപാർശ സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ